**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1626 22.03.2013 - ൽ മറുപടിയ്ക്ക്

## <u>അനാഥകേന്ദ്രങ്ങളുടെ പ്രവർത്തന നിലവാരം</u>

ചോദ്യം | ഉത്തരം

ശ്രീ. പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്

**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | അനാഥ കേന്ദ്രങ്ങളുടെയും ക്ഷേമസ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) യും (ബി) യും (സി) യും (ഡി) യും | അനാഥ കേന്ദ്രങ്ങളുടെയും മറ്റ് ക്ഷേമ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പ്രസ്തുത സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല അവലോകന സമിതിയും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല മോണിറ്ററിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്.<br><br>സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനായി<br>(1) വൃദ്ധമന്ദിരങ്ങൾ<br>(2) വനിതാസ്ഥാപനങ്ങൾ<br>(3) ചിൽഡ്രൻസ് ഹോം<br>(4) സർക്കാരിതര സന്നദ്ധസംഘടനകൾ<br>എന്നീ വിഭാഗങ്ങളിലായി അതാത് രംഗത്ത് പ്രാവീണ്യം നേടിയവരെയും. ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി അഞ്ച് പേരടങ്ങുന്ന 4 - ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>ഈ ടാസ്ക് ഫോഴ്സ് അതാത് സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും, നിർമ്മാണ പ്രവർത്തനം നടത്തുന്നതിനും, അന്തേവാസികൾക്ക് മെച്ചപ്പെട്ട പരിരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ പഠനങ്ങൾ നടത്തി റിപ്പോർട്ട് നൽകുന്നതാണ്. |
| (ബി) | ഇതിനായി പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | | |
| (സി) | എന്തെല്ലാം ചുമതലകളാണ് സമിതിക്ക് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ? | | |

| | | | |
|---|---|---|---|
| | | | കൂടാതെ ക്ഷേമ സ്ഥാപനങ്ങളിൽ ജില്ലാ സാമൂഹ്യനീതി ആഫീസർമാരും, പ്രൊബേഷൻ ആഫീസർമാരും നടത്തി വരുന്ന പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഒപ്പം സ്ഥാപന പരിശോധന സംബന്ധിച്ച പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 4, 19 തീയതികളിൽ ഓൺലൈനായി വകുപ്പ് സെക്രട്ടറിക്കും, സാമൂഹ്യനീതി ഡയറക്ടർക്കും ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

R. Vijayakumar

സെക്ഷൻ ഓഫീസർ